# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 333

28.05.2019-ൽ മറുപടിയ്ക്ക്

### നാച്ചുറോപ്പതി ആന്റ് യോഗ ക്ലിനിക്കുകൾ

| ചോദ്യം<br>ശ്രീ. ആന്റണി ജോൺ | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ജീവിതശൈലി രോഗങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അവ നിയന്ത്രിക്കുവാൻ നാച്ചുറോപ്പതിയും യോഗയും ഫലപ്രദമാണെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ഭാരതീയ ചികിത്സാ വകുപ്പ് മുഖേന പ്ലാൻ പദ്ധതി പ്രകാരം ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി 14 ജില്ലകളിലേയും ജില്ലാ ആയുർവേദ ആശുപത്രിയോടനുബന്ധിച്ച് യോഗ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ടി യൂണിറ്റിന്റെ സുഗമമായ പ്രവർത്തനത്തിനായി ഒരു യോഗ മെഡിക്കൽ ഓഫീസറെ താത്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |
| (ബി) | സർക്കാർ മേഖലയിൽ എവിടെയെല്ലാമാണ് നാച്ചുറോപ്പതി ആന്റ് യോഗ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ തിരുവനന്തപുരം ജില്ലയിലെ 50 ബെഡ്ഡുള്ള വർക്കല പ്രകൃതി ചികിത്സാ ആശുപത്രിയും കൊല്ലം ജില്ലയിലെ പുനലൂർ സർക്കാർ പ്രകൃതി ചികിത്സാ ഡിസ്പെൻസറിയും പ്രവർത്തിച്ചുവരുന്നു.<br>ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ പ്ലാൻ പ്രോജക്ട് വഴി സംസ്ഥാനത്തെ 14 ജില്ലാ ആയുർവേദ ആശുപത്രികളിലും യോഗ യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. |
| (സി) | കോതമംഗലത്ത് ഒരു നാച്ചുറോപ്പതി ആന്റ് യോഗ ക്ലിനിക് ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ഇത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ